# നോമ്പുക്കാലം
## വചന വിചിന്തനം
### നോമ്പുക്കാലം : അഞ്ചാം ഞായർ
### യോഹ 7,37–38+8,12–20

"അന്ധകാരത്തിൽ കഴിഞ്ഞജനം
മഹത്തായ ഒരു പ്രകാശം കണ്ടു;
കൂരിരുട്ടിൻെറ ദേശത്തു വസിച്ചിരുന്നവരുടെമേൽ
പ്രകാശം ഉദിച്ചു."
ഏശയ്യ 9,2

*"ആ പ്രകാശത്തിന്റെ പേരാണ് "ക്രിസ്തു..."
അവൻ തന്നെതന്നെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്;
"ഞാൻ ലോകത്തിൻെറ പ്രകാശമാണ്."
യോഹ 8,2"*

"അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും..."
1യോഹ 1,7

ഫരിസേയർ പറഞ്ഞു;

"നീ തന്നെ നിനക്കു സാക്ഷ്യം നൽകുന്നു. നിൻെറ സാക്ഷ്യം സത്യമല്ല."

യേശു പ്രതിവചിച്ചു;

"ഞാൻ തന്നെ എനിക്കു സാക്ഷ്യം നൽകിയാലും എൻെറ സാക്ഷ്യം സത്യമാണ്. നിങ്ങളുടെ വിധി മാനുഷികമാണ്. ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുന്നെങ്കിൽത്തന്നെ എൻെറ വിധി സത്യമാണ്; കാരണം, ഞാൻ തനിച്ചല്ല എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട്. രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്നു നിങ്ങളുടെ നിയമത്തിൽത്തന്നെ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ചു ഞാൻ തന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു."

അതിനാൽ, ഞാൻ നിങ്ങളോട് പറയുന്നു;

"ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും."

യഹൂദരുടെ കൂടാരത്തിരുനാൾ ജറുസലേം നഗരം മുഴുവൻ ലോകത്തിന്റെ പ്രകാശത്താൽ നിറയുന്ന ദിനമാണ്. ജറുസലേം പട്ടണവും ദേവാലയവും ലോകത്തിലെ മുഴുവൻ പ്രകാശധോരണിയായാൽ നിറഞ്ഞ് പൂത്ത് നിൽക്കുമ്പോൾ, വിവിധങ്ങളായ പ്രകാശങ്ങളുടെ ഭംഗിയിൽ കണ്ണുകളും കാതുകളും അംബരത്ത് നിൽക്കുമ്പോൾ, തിരുനാളിൻെറ അവസാനത്തെ മഹാദിനത്തിൽ ക്രിസ്തു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തിപ്പറഞ്ഞു;

"ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും."

ചുരുക്കത്തിൽ, ക്രിസ്തു പറഞ്ഞ് വയ്ക്കുന്നത്, ഞാൻ പ്രകാശത്തിലാണെന്നോ, ഞാൻ പ്രകാശം തരാമെന്നോ, ഞാൻ പ്രകാശം തേടുന്നവനാണെന്നോ, എന്നിൽ പ്രകാശമുണ്ടെന്നോ എന്നൊന്നുമല്ല. മറിച്ച്, മക്കളെ,

നിങ്ങൾ കാണുന്ന ഈ പ്രകാശമുണ്ടല്ലോ, അത് ഇന്നല്ലെങ്കിൽ നാളെ അസ്തമിക്കും. പക്ഷെ, ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്ന ഒരുവൻപ്പോലും ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും.

ലോകചരിത്രത്തിൽ ഇന്നുവരെ ആരും നടത്താത്ത പ്രഖ്യാപനമാണ് ക്രിസ്തു നടത്തിയത്. നിങ്ങൾ എന്നെ അനുഗമിച്ചാൽ നിങ്ങൾക്ക് വെളിച്ചം തരാം എന്നു പറയുന്ന ലേകനേതാക്കൾ നമുക്ക് സുപരിചിതമാണ്. നിങ്ങൾ വെളിച്ചമാണ് തേടുന്നതെങ്കിൽ നിങ്ങൾ എന്നെ അനുദാവനം ചെയുക എന്നു പറയുന്ന നേതാക്കളും നമുക്ക് സുപരിചിതമാണ്. പക്ഷെ, ലോകനേതാക്കളിൽ ഏറ്റവും ശക്തനായ നേതാവ്, രാജാധിരാജൻ, നടത്തുന്ന നയപ്രഖ്യാപനം, “ഞാനാണ് ലേകത്തിന്റെ പ്രകാശം!” ലോകചരിത്രത്തിൽ ഇന്നുവരെ ആരും നടത്താത്ത പ്രഖ്യാപനമാണ് ഇത്. ലോകത്തെ പ്രകാശിപ്പിക്കുന്നത് ഞാനാണ്. കാരണം, “ഞാനാണ് ലേകത്തിന്റെ പ്രകാശം!”

അന്ധകാരത്തിൽ നടന്നിരുന്ന അഗസ്റ്റിനെ പ്രകാശത്തിന്റെ മകനാക്കി മാറ്റിയതും ലോകത്തിന്റെ പ്രകാശമായ മിശിഹായാണ്. തന്റെ ദുർചര്യയിൽ മനസുമടുക്കുന്ന അഗസ്റ്റൻ വചനമെടുത്ത് വായിക്കുകയാണ്. അവന് ലഭിക്കുന്ന വചനം റോമാകാർക്കുള്ള ലേഖനം 13,11–14 വാഖ്യങ്ങൾ.

ഞാൻ ലോക്തിന്റെ പ്രാകശമാണെന്ന് പറഞ്ഞവൻ അതിനോട് 100% വിശ്വസ്ഥത പാലിച്ചു. ചുരുക്കത്തിൽ, വാക്കും പ്രവർത്തിയും തമ്മിൽ ഇഴനെയ്ത ജീവിതം!

“നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനെക്കാൾ കൂടുതൽ അടുത്തെത്തിയിരിക്കുന്നു. രാത്രി കഴിയാറായി; പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ചവിധം നമുക്കു പെരുമാറാം. സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിതവേഴ്ചകളിലോ വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്. പ്രത്യുത, കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ.”

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ അനുദാവനം ചെയ്യുന്നവരുടെ പ്രത്യേകതകൾ ഇതൊക്കെ തന്നെയായിരിക്കണം. അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കണം. പകലിനു യോജിച്ചവിധം വിവേകത്തോട് കൂടി ക്രിസ്തുശിഷ്യർക്ക് പെരുമാറാൻ സാധിക്കണം. ക്രിസ്തുവിനെ അനുഗമിക്കുന്നവർ സുഖലോലുപതയുടെയോ, മദ്യലഹരിയുടെയോ, അവിഹിതവേഴ്ചകളുടെയോ, വിഷയാസക്തികളുടെയോ, കലഹങ്ങൾളുടെയോ, അസൂയയുടെയോ മക്കളായി മാറ്റപ്പെടരുത്. അതിന് പകരം, കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുകയും ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുകയും വേണം.

“ഞാനാണ് ലേകത്തിന്റെ പ്രകാശം!” എന്നുപറഞ്ഞവൻ നമ്മളെ നോക്കി പറയുന്നത്, “നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്താ 5,13–16). ഞാൻ മത്രമല്ല ലോകത്തിന്റെ പ്രകാശം നിങ്ങളും ലോകത്തിന്റെ പ്രകാശമാണ്. പക്ഷെ, നിങ്ങൾ ലോകത്ത് ശരി

യായി പ്രകാശിക്കണം. അത് എപ്രകാരമാണ്? സത്പ്രവർത്തികൾ മൂലം. അതാണ് ക്രിസ്തു പറഞ്ഞ് വയ്ക്കുന്നത്;

"മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥ നായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16).

സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്; "കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം? കർത്താവ് എന്റെ ജീവിതത്തിനു കോട്ടയാണ്, ഞാൻ ആരെ പേടിക്കണം?" (സങ്കീ 27,1). ഏശയ്യപ്രവാചകൻ തന്റെ പ്രവചനങ്ങളിൽ ഇപ്രകാരം കുറിച്ച് വയ്ക്കുന്നു; "പകൽ സൂര്യനായിരിക്കുകയില്ല ഇനി നിനക്കു പ്രകാശം തരുക; നിനക്കു പ്രകാശം നൽകാൻ രാത്രിയിൽ ചന്ദ്രനായിരിക്കുകയില്ല പ്രശോഭിക്കുന്നത്. കർത്താവായിരിക്കും നിന്റെ നിത്യമായ പ്രകാശം; നിന്റെ ദൈവമായിരിക്കും നിന്റെ മഹത്വം. നിന്റെ സൂര്യൻ അസ്തമിക്കുകയില്ല; നിന്റെ ചന്ദ്രൻമറയുകയുമില്ല; കർത്താവ് നിന്റെ നിത്യപ്രകാശമായിരിക്കും. നിന്റെ വിലാപദിനങ്ങൾ അവസാനിക്കും" (ഏശയ്യ 60,19-20). തന്റെ സഹനങ്ങളുടെ തീ ചൂളയിൽ നിൽക്കുമ്പോഴും സഹനദാസനായ ജോബ് പറയുന്നത് ഇപ്രകാരമാണ്; "ദൈവം എന്നെ പരിപാലിച്ചിരുന്ന പഴയകാലങ്ങളിൽ ദൈവം തന്റെ ദീപം എന്റെ ശിരസ്സിനു മുകളിൽ തെളിക്കുകയും ഞാൻ അവിടുത്തെ പ്രകാശത്താൽ അന്ധകാരത്തിലൂടെ നടക്കുകയും ചെയ്തു" (ജോബ് 29,3). മിക്കാ പ്രവാചകൻ കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്; "എന്റെ ശത്രുക്കളേ, എന്നെക്കുറിച്ച് ആഹ്ളാദിക്കേണ്ടാ. വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിലിരുന്നാലും കർത്താവ് എന്റെ വെളിച്ചമായിരിക്കും" (മിക്കാ 7,8).

**കൂടാരത്തിരുനാളിലെ പ്രകാശം ഒറ്റ രാത്രികൊണ്ട് അവസാനിക്കുന്നതാണ്. എന്നാൽ, ക്രിസ്തു നൽകുന്ന പ്രകാശം എന്നും നിലനിൽക്കുന്നതാണ്!**

ചുരുക്കത്തിൽ, "വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്കു വരുന്നില്ല" (യോഹ 14,6) എന്ന് സ്വജീവിതത്തെ വ്യാഖ്യാനിച്ചവൻ പൂർത്തിയാക്കുന്നത് പഴയനിയമ പ്രവചനങ്ങളെയാണ്. മർത്യതെ പ്രകാശിപ്പിക്കാൻ മനുഷ്യനായ് അവതരിച്ചവൻ സ്വയം പ്രകാശമായ് അവതരിപ്പിക്കുമ്പോൾ അവന് ഒറ്റ ലക്ഷ്യം മാത്രം "അവനിൽ വിശ്വസിക്കുന്ന ഒരുവൻപ്പോലും നശിച്ച് പോകാതിരിക്കേണ്ടതിന് ക്രിസ്തുവിനെ സ്വജീവിതത്തിലേയ്ക്കും സ്വഭവനത്തിലേയ്ക്കും സ്വീകരിക്കുക." മക്കളേ, അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്കു പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ.

"എന്നിൽ വിശ്വസിക്കുന്നവരാരും
അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന്
ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു."

യോഹ 12,46

ഫാ. ജോബി മേനോത്ത്
+91 944 7777 931